"ഭരണഭാഷ മാതൃഭാഷ"

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം-695001

ഫോൺ:0471-2337790 ഇമെയിൽ: tdbestate@gmail.com വെബ്സൈറ്റ്: www.travancoredevaswomboard.org

*Auction No.11/EED/T/2023*

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആറന്മുള ഗ്രൂപ്പിലെ പന്തളം വലിയകോയിക്കൽ സബ് ഗ്രൂപ്പിൽപ്പെട്ട വിവിധ ദേവസ്വങ്ങളിൽ അപകടാവസ്ഥയിലുള്ള തേക്ക്, പ്ലാവ്, മഹാഗണി എന്നീ വൃക്ഷങ്ങൾ 03/06/2023 ലെ ബോർഡ് ആർ.ഒ.സി.നമ്പർ 5582/23/എം ഉത്തരവ് പ്രകാരം പന്തളം വലിയകോയിക്കൽ ദേവസ്വത്തിൽ വച്ച് എസ്റ്റേറ്റ് ഡിവിഷൻ മുഖാന്തിരം **13/07/2023** പകൽ **11** മണിക്ക് അടിസ്ഥാനതുകയായ 11,09,831/- (പതിനൊന്നുലക്ഷത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തി ഒന്ന്) രൂപയ്ക്ക് പരസ്യമായി ലേലം ചെയ്തു നൽകുന്നതാണ്.പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ലേല സമയത്തിന് മുമ്പ് 10,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിലും, തുകയ്ക്കും ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% തുക കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 10 ദിവസത്തിനകം ടി മരങ്ങൾ മുറിച്ചുമാറ്റി നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ലേലം വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18%(ജി.എസ്.റ്റി) നികുതിയും, സെസ്സും, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ്, മറ്റ് സർക്കാർ നികുതികൾ എന്നിവ നൽകി ദേവസ്വം ബോർഡിൽ നിന്നുതന്നെ രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിലും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, ആറന്മുള അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ, വലിയകോയിക്കൽ സബ്ഗ്രൂപ്പ് (Mobile No.9074096768) ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

Sd/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**

തിരുവനന്തപുരം

28/06/2023